# പതിനാലാം കേരള നിയമസഭ
## (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5399** **26.03.2018-ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് വീട് വെയ്ക്കുന്നതിന് നൽകുന്ന ധനസഹായം**

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിനായി ഒരു വീടിന് നൽകുന്ന പരമാവധി ധനസഹായം എത്ര രൂപയാണ്; | എ) മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിന് ഫിഷറീസ് വകുപ്പ് 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്ന പദ്ധതി പ്രകാരം ഒരു വീടിന് 4 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. |
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളികൾക്ക് വീട് വെയ്ക്കുന്നതിന് നൽകുന്ന ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിന് നൽകുന്ന ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ട്. 2012-13 മുതൽ 2016-17 വരെയുള്ള കാലഘട്ടത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ ഭവന പദ്ധതികൾ പ്രകാരം ഒരു വീടിന് 2 ലക്ഷം രൂപ വീതം ധനസഹായം നൽകിയിരുന്നു. എന്നാൽ 2017-18 സാമ്പത്തിക വർഷം ഭവനനിർമ്മാണ ധനസഹായം 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| സി) മത്സ്യത്തൊഴിലാളികളുടെ ഭവന പുനരുദ്ധാരണത്തിന് നൽകുന്ന ധനസഹായം എത്ര രൂപയാണ്; ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) മത്സ്യത്തൊഴിലാളികളുടെ ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ ഫിഷറീസ് വകുപ്പ് മുഖേന പദ്ധതികളൊന്നും നടപ്പാക്കുന്നില്ല. എന്നാൽ 2016-17 വർഷം 4500 വീടുകൾ പുനരുദ്ധരിച്ചിട്ടുണ്ട്.<br>ഫിഷറീസ് വകുപ്പ് മുഖേന മുൻ വർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികൾ പ്രകാരം ഭവന പുനരുദ്ധാരണത്തിന് 50,000/- രൂപ വീതമാണ് ധനസഹായമായി നൽകിയിരുന്നത്. തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ആഫീസർ